ഖുത്വ്ബ
20.4.2007
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

# ഖുദ്ദൂസ് പരമപരിശുദ്ധൻ

**അ**ല്ലാഹുവിന്റെ ഒരു സിഫത്ത് അഥവാ മഹനീയ ഗുണമാണ് ഖുദ്ദൂസ്. വിവിധ നിഘണ്ടുക്കളിൽ ഇതിന് എഴുതിയിരിക്കുന്ന അർത്ഥങ്ങളും പഴയകാല ഖുർആൻ വ്യാഖ്യാതാക്കൾ നല്കിയിട്ടുള്ള വ്യാഖ്യാനങ്ങളിൽ ചിലതും സംക്ഷിപ്തമായി പറയുകയാണ്.

താജുൽ ഉറൂസിൽ എഴുതിയിരിക്കുന്നു, അൽഖുദ്ദൂസ്. അല്ലാഹുവിന്റെ മനോഹരമായ നാമങ്ങളിൽ ഒരു നാമമാണ്. അൽഖുദ്ദൂസ് എന്നതിന്റെ അർത്ഥം 'അത്ത്വാഹിർ'. എല്ലാ ന്യൂനതകൾക്കും പോരായ്മകൾക്കും അതീതനായവൻ. 'അൽമുബാറക്' സകല അനുഗ്രഹങ്ങളുടേയും സമുച്ചയം. 'അത്തഖ്ദീസ്' എന്നതിന്റെ അർത്ഥം അത്ത്വഹിർ. പ്രതാപവാനായ അല്ലാഹുവിനെ അന്യൂനനും പരിശുദ്ധനുമായി സമ്മതിക്കുക.

മുഫ്റദാത്ത് ഇമാം റാഗിബിൽ എഴുതിയിരിക്കുന്നു, 'അത്തഖ്ദീസ്' അല്ലാഹുവിൽനിന്ന് നല്കപ്പെടുന്ന '***വ യുത്വഹ്ഹിറക്കും തത്ഹീറാ***' (33:34) എന്ന് അവൻ പറഞ്ഞിട്ടുള്ള ആ പരിശുദ്ധിയാണ്. ഇതുകൊണ്ടുള്ള ഉദ്ദേശ്യം ബാഹ്യമായ മാലിന്യങ്ങൾ അകറ്റുക എന്നതല്ല. പ്രത്യുത, മറ്റു വചനങ്ങളിൽനിന്ന് തെളിയുന്നതുപോലെ ആത്മാവിനെ ശുദ്ധീകരിക്കലാണ്.

'അഖ്റബുൽ മവാരിദി'ൽ എഴുതിയിരിക്കുന്നു. പരിശുദ്ധവും എല്ലാ ന്യൂനതകൾക്കും പോരായ്മകൾക്കും അതീതനുമായവനെയാണ് 'ഖുദ്ദൂസ്' എന്നു പറയുന്നത്. 'അൽഖുദ്സ്' എന്നതിന്റെ അർത്ഥം പവിത്രത എന്നും അനുഗ്രഹം എന്നും എഴുതിയിരിക്കുന്നു. ഇതിന് സാമ്യമായിട്ടുള്ള അർത്ഥങ്ങൾ ലിസാനുൽ അറബിലും എഴുതിയിട്ടുണ്ട്. പ്രസിദ്ധമായ ചില നിഘണ്ടുക്കളാണിത്.

ഹദ്റത്ത് മുസ്ലിഹ് മൗഊദ് ഖലീഫത്തുൽ മസീഹ് രണ്ടാമൻ(റ) ഈ നിഘണ്ടുക്കളിൽനിന്നെല്ലാം അർത്ഥങ്ങൾ എടുത്തെഴുതിയിട്ടുണ്ട്. അതിതാണ്. അൽഖുദ്ദൂസ് എല്ലാ പരിശുദ്ധിയുടേയും സമുച്ചയം. ന്യൂനതകളിൽനിന്ന് പരിശുദ്ധൻ മാത്രമല്ല, പ്രത്യുത എല്ലാത്തരത്തിലുള്ള സൽഗുണങ്ങളും ഉൾക്കൊള്ളുന്നവനുമാണ്. അതായത്, അല്ലാഹുവിൽ എല്ലാതരം പരിശുദ്ധിയും സമ്മേളിച്ചിരിക്കുന്നു. എല്ലാതരം ന്യൂനതകളിൽനിന്നും അവൻ പരിശുദ്ധനാണ്. അല്ലാഹുവിൽ ഒരുവിധ കുറവും ഉണ്ടാകുന്ന പ്രശ്നമേയില്ല. മനുഷ്യന്റെ ബുദ്ധിയ്ക്ക് വലയം ചെയ്യാൻ കഴിയുന്ന ഒരു സൽഗുണവും അവനിൽ ഇല്ലാതില്ല. എന്നല്ല, നിലവിലുള്ളതും, മനുഷ്യബുദ്ധിയ്ക്ക് വലയം ചെയ്യാൻ സാധിക്കാത്തതുമായ ഗുണങ്ങളും അവനിൽ സമ്മേളിച്ചിരിക്കുന്നു. ഇതാണ് ആ പരമപരിശുദ്ധന്റെ മഹത്ത്വം.

ഇനി ഞാൻ ഈ മഹനീയഗുണത്തെക്കുറിച്ച് ചില ഖുർആൻ വ്യാഖ്യാതാക്കൾ രേഖപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ പറയാം.

ആദമിനെ സൃഷ്ടിച്ചപ്പോൾ മലക്കുകൾ പറഞ്ഞു, *വ നുഖദ്ദിസുലക്ക*. ഇത് വിശദീകരിച്ചുകൊണ്ട് തഫ്സീർ മജ്മഉൽബയാനിൽ എഴുതിയിരിക്കുന്നു. ***'നുഖദ്ദിസുലക്ക'*** എന്നതിന്റെ അർത്ഥം അല്ലാഹുവേ, നിനക്ക് ചേരാത്ത ന്യൂനതകളുള്ള എല്ലാ ഗുണങ്ങളിൽനിന്നും നിന്നെ ഞങ്ങൾ പരിശുദ്ധനായി സമ്മതിക്കുന്നു. ദോഷകരമായ ഒരു കാര്യവും നിന്നെക്കുറിച്ച് പറയുന്നില്ല. ഈ അർത്ഥത്തിന്റെ അടിസ്ഥാനത്തിൽ ***നുഖദ്ദിസുലക്ക***യിലുള്ള '***ലാമ്***', '***സായിദ***'യാണ്. അതായത്, വിഷയത്തെ പ്രബലപ്പെടുത്തുന്നതിനുവേണ്ടിയുള്ളതാണ്.

ഈ ലാമിന്റെ അർത്ഥംകൂടി ഉൾപ്പെടുത്തി ചിലർ അതിന്റെ അർത്ഥം 'ഞങ്ങൾ നിനക്കുവേണ്ടി നമസ്കരിക്കുന്നു' എന്ന് എഴുതിയിരിക്കുന്നു. മറ്റു ചിലർ എഴുതി: അല്ലാഹുവേ, ഞങ്ങൾ ഞങ്ങളുടെ ആത്മാക്കളെ നിനക്കുവേണ്ടി പാപങ്ങളിൽനിന്നും കുറ്റങ്ങളിൽനിന്നും പരിശുദ്ധവും പവിത്രവുമാക്കുന്നു. അതായത്, നിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന്.

അല്ലാമ ഫഖ്റുദ്ദീൻ റാസി ഇതിനെക്കുറിച്ചെഴുതുന്നു. ***വ നഹ്നു നുസബ്ബിഹു ബിഹംദിക്ക വ നുഖദ്ദിസുലക്ക***. ആദമിനെ അല്ലാഹു സൃഷ്ടിച്ച നേരത്ത് ***അതജ്അലു ഫീഹാ മൻയുഫ്സിദു ഫീഹാ*** എന്നു പറഞ്ഞുകൊണ്ട് മലക്കുകൾ അല്ലാഹുവിന്റെ മേൽ ആക്ഷേപം ഉന്നയിച്ചുവെന്ന് ചിലയാളുകൾ സംശയം പ്രകടിപ്പിച്ചിരിക്കുന്നു. അല്ലാമ ഫഖ്റുദ്ദീൻ റാസി ഈ സംശയം ദൂരീകരിച്ചുകൊണ്ട് പറയുന്നു:

ഈ സംശയം രണ്ട് കാരണത്താൽ അടിസ്ഥാനരഹിതമാണ്. ഒന്ന്, മലക്കുകൾ കുഴപ്പവും രക്തച്ചൊരിച്ചിലും സൃഷ്ടികൾ ചെയ്യുന്നതായിട്ടാണ് പറഞ്ഞിട്ടുള്ളത്. സ്രഷ്ടാവായ അല്ലാഹു ചെയ്യുന്നുവെന്നല്ല. രണ്ട് അത് പറഞ്ഞുടനെ മലക്കുകൾ പറഞ്ഞു. ***വ നഹ്നു നുസബ്ബിഹു ബിഹംദിക്ക വ നുഖദ്ദിസുലക്ക്***. തസ്ബീഹ് എന്നതിന്റെ അർത്ഥം അല്ലാഹുവിന്റെ അസ്തിത്വത്തെ ഭൗതികമായ എല്ലാ വസ്തുക്കളേക്കാളും പവിത്രമായി സമ്മതിക്കുക എന്നതാണ്. തഖ്ദീസ് എന്നതുകൊണ്ടുള്ള ഉദ്ദേശ്യം, അല്ലാഹുവിന്റെ കർമ്മങ്ങളെ തിന്മയിൽനിന്നും അറിവില്ലായ്മയിൽ നിന്നും പവിത്രമായി അംഗീകരിക്കുക എന്നാണ്. ഇപ്രകാരംതന്നെ അല്ലാമ റാസി, 'അൽഖുദ്ദൂസ്' എന്നതിന് അർത്ഥം ഇങ്ങനെ പറയുന്നു. 'അൽഖുദ്ദൂസ്', 'അൽഖദ്ദൂസ്' രണ്ടു നിലയിലും ഉപയോഗിച്ചിട്ടുണ്ട്. ഈ വാക്ക്, അല്ലാഹുവിന്റെ സത്തയും സവിശേഷഗുണങ്ങളും കർമ്മങ്ങളും കല്പനകളും നാമങ്ങളുടെ പരിശുദ്ധിയും അന്യൂനതയും വിവരിക്കുന്നതുകൊണ്ട് വലിയ വാഗ്‌വൈഭവമുള്ളതാണ്. അല്ലാഹുവിന്റെ സത്ത അന്യൂനമാണ്. സിഫത്തുകളെ ഉരച്ചുനോക്കണമെങ്കിൽ 'ഖുദ്ദൂസ്' എന്ന മഹനീയഗുണം ഓർമയിൽവയ്ക്കേണ്ടതാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) ഒരിടത്ത് പറഞ്ഞു: "വിശുദ്ധഖുർആന്റെ അർത്ഥം പറയുമ്പോൾ, അല്ലാഹുവിന്റെ മഹനീയഗുണങ്ങൾ തീർച്ചയായും നോക്കേണ്ടതാണ്. അതായത്, ശരിയായ അർത്ഥം പറയണമെങ്കിൽ സിഫത്തുകൾ നോക്കേണ്ടതാണ്. പക്ഷേ, ഒരു കാര്യം ഓർമ്മിക്കുക. വിശുദ്ധഖുർആന്റെ ഏതെങ്കിലും ഭാഗം വിശദീകരിക്കണമെങ്കിൽ അല്ലാഹുവിന്റെ 'ഖുദ്ദൂസിയ്യത്ത്' എന്ന ഗുണം എപ്പോഴും മുന്നിൽവയ്ക്കുക. എല്ലാത്തരത്തിലും അല്ലാഹുവിന്റെ സത്ത അന്യൂനമാണ്. അല്ലാഹുവിന്റെ അന്യൂനൻ എന്ന ഗുണത്തെ ബാധിക്കുന്ന വിശദീകരണമോ വ്യാഖ്യാനമോ ഉണ്ടാകാൻ പാടില്ല. അവന്റെ ഓരോ പ്രവൃത്തിയും ഓരോ കല്പനയും ഈ ഗുണത്തിന്റെ അടിസ്ഥാനത്തിൽ അന്യൂനവും പരിശുദ്ധവുമാണ്."

തഫ്സീർ റൂഹുൽ ബയാനിൽ ***വനഹ്നു നുസബ്ബിഹുബിഹംദിക്ക*** എന്നതിനെക്കുറിച്ച് എഴുതിയിരിക്കുന്നു. നമ്മിൽ പല രീതിയിലുള്ള അനുഗ്രഹങ്ങളുണ്ട്. അതിലൊന്ന് ഇബാദത്ത് ചെയ്യാൻ തൗഫീഖ് കിട്ടുക എന്നതാണ്. നിന്നെ സ്തുതിച്ചുകൊണ്ട് നിനക്കു ചേരാത്ത എല്ലാ കാര്യങ്ങളിൽനിന്നും നിന്നെ പരിശുദ്ധനായി സമ്മതിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തസ്ബീഹ് ചെയ്യുന്നത് ജലാൽ എന്ന ഗുണത്തെ പ്രകടിപ്പിക്കാനാണ്. ഹംദ് അനുഗ്രഹം എന്ന ഗുണത്തിന്റെ പ്രകടനത്തിനായിട്ടാണ്. അതായത് പവിത്രതയുടേയും ആദരവിന്റേയും ഏതൊരു അർത്ഥം നിനക്ക് ചേർന്നതായിവരുന്നുവോ, അതിനെ നിനക്കായി ഞങ്ങൾ പറയുന്നു. നിനക്ക് ചേർന്നതല്ലാത്തതിൽനിന്ന് നിന്നെ പരിശുദ്ധനായി സമ്മതിക്കുന്നു.

തഫ്സീർ ഇബ്നുകസീറിൽ ***നഹ്നു നുസബ്ബിഹു ബിഹംദിക്ക വ നുഖദിസുലക്ക*** എന്നതിനെ പരാമർശിച്ചുകൊണ്ടെഴുതുന്നു. ഖത്താദ പറയുന്നു: ഇവിടെ തസ്ബീഹ് കൊണ്ടുള്ള ഉദ്ദേശ്യം, ആ അറിയപ്പെട്ട തസ്ബീഹ് ആണ്. തഖ്ദീസ് എന്നതുകൊണ്ടുള്ള ഉദ്ദേശ്യം സ്വലാത്ത് അതായത് നമസ്കാരമാണ്.

ഇപ്രകാരംതന്നെ ഹദ്റത്ത് അബ്ദുല്ലാഹ്ബിൻ അബ്ബാസ്(റ) അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) മറ്റു പല സ്വഹാബിമാരും ഇതിന് ഇങ്ങനെ അർത്ഥം പറഞ്ഞിരിക്കുന്നു. ***നുസല്ലീ ലക്ക***. അതായത് അല്ലാഹുവേ, ഞങ്ങൾ നിനക്കുവേണ്ടി നമസ്കരിക്കുന്നു.

മുജാഹിദ്, ***വ നഹ്നു നുസബ്ബിഹുബിഹംദിക്ക വനുഖദ്ദിസുലക്ക*** എന്നതിന് ഇങ്ങനെ അർത്ഥം പറഞ്ഞിരിക്കുന്നു. ***നുഅസ്സിമുക്ക വ നുകബ്ബിറുക്ക***. അതായത് ഞങ്ങൾ നിന്നെ ആദരിക്കുന്നു. നിന്റെ മഹത്വം വാഴ്ത്തുന്നു.

മുഹമ്മദ്ബിൻ ഇസ്ഹാഖ് ഇതിന് ഇങ്ങനെ അർത്ഥം പറയുന്നു. അല്ലാഹുവേ, ഞങ്ങൾ നിന്നോട് ഒരു അനുസരണക്കേടും കാണിക്കുന്നില്ല. നിനക്കിഷ്ടപ്പെടാത്ത കാര്യത്തിന് ഇരയാകുന്നുമില്ല.

'തഖ്ദീസ്' എന്നതുകൊണ്ടുള്ള ഉദ്ദേശ്യം മഹത്വവും പരിശുദ്ധിയും വിവരിക്കുക എന്നതാണ്. എല്ലാ ന്യൂനതകളിൽനിന്നും പരിശുദ്ധനാണെന്ന് സമ്മതിക്കൽ.

സുബ്ബൂഹ്, ഖുദ്ദൂസ് എന്നത് അല്ലാഹുവിന്റെ മഹനീയഗുണങ്ങളാണ്. 'സുബ്ബൂഹ്' എന്നതിന്റെ അർത്ഥം എല്ലാ ന്യൂനതകൾക്കും അതീതനായി അല്ലാഹുവിനെ അംഗീകരിക്കുക. 'ഖുദ്ദൂസ്' എന്നു പറഞ്ഞാൽ എല്ലാ പരിശുദ്ധിയും മഹത്വവും അവനു മാത്രമാണ് അലങ്കാരമെന്ന് സമ്മതിക്കുക.

ഈ എല്ലാ ചർച്ചയുടേയും വെളിച്ചത്തിൽ തുടർന്ന് അദ്ദേഹം എഴുതുന്നു. ***വനഹ്നു നുസബ്ബിഹു ബിഹംദിക്ക*** എന്നതിന്റെ അർത്ഥം, ബഹുദൈവാരാധകർ നിന്നെക്കുറിച്ച് പറയുന്ന എല്ലാ തെറ്റായ കാര്യങ്ങളിൽനിന്നും അല്ലാഹുവേ നിന്നെ ഞങ്ങൾ പരിശുദ്ധനായി മനസ്സിലാക്കുന്നു. അല്ലാഹുവേ, എല്ലാ അഴുക്കുകളിൽനിന്നും, അഴുക്കുവസ്ത്രധാരി

കളും അവിശ്വാസികളും നിന്നെക്കുറിച്ച് പറയുന്ന എല്ലാ തെറ്റായ കാര്യങ്ങളിൽനിന്നും പരിശുദ്ധനാണെന്നുള്ളതിന് നിന്നിൽ കാണുന്ന മഹനീയഗുണങ്ങളെക്കൊണ്ട് ഞങ്ങൾ നിന്നെ സ്മരിക്കുന്നു.

ഖുദ്ദൂസിനെക്കുറിച്ച് പറഞ്ഞപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ ഒരു ഉദ്ധരണിയെക്കുറിച്ച് ഞാൻ പറഞ്ഞിരുന്നു. അതിന്റെ ശരിയായ രൂപം ഇങ്ങനെയാണ്.

അവിടന്ന് പറയുന്നു: "ആകാശത്തിലും ഭൂമിയിലും ഉള്ളതെല്ലാം അല്ലാഹുവിന് സ്തോത്രം ചെയ്യുന്നുവെന്നത് സത്യമായ കാര്യമാണ്. ഓരോ അണുവും, അവൻ സ്രഷ്ടാവാണെന്ന് സാക്ഷി പറയുന്നു. അവന്റെ പരിരക്ഷണവും അവന്റെ അനശ്വരതയും മറ്റുള്ളതിനെയെല്ലാം നിലനിറുത്താനുള്ള കഴിവും കാരണത്താലാണ് എല്ലാ വസ്തുക്കളും ജീവിക്കുന്നതും നിലനില്ക്കുന്നതും. അവന്റെ സംരക്ഷണത്താലാണ് എല്ലാം സുരക്ഷിതമായിരിക്കുന്നത്. അല്ലാഹു രാജാവാണ്. ശിക്ഷിക്കുകയാണെങ്കിൽ രാജാവിന് യോജിച്ചവിധമായിരിക്കും. പിടിക്കുകയാണെങ്കിൽ പിടിക്കപ്പെട്ടയാളുടെ സ്വഭാവസംസ്കരണം നടക്കുന്നതിന് യജമാനഭാവത്തോടെ പിടിക്കുന്നു; ബലാൽക്കാരത്തോടെയല്ല. അവൻ ഖുദ്ദൂസാണ്. അവന്റെ ഗുണങ്ങളിലും മഹത്വത്തിലും നഷ്ടത്തിന് കാരണമാകുന്ന ഒന്നും ഉണ്ടായിരിക്കുകയില്ല, എന്നല്ല അവൻ തികഞ്ഞ സവിശേഷതകളോടുകൂടിയവനാണ്. എല്ലാതരം ന്യൂനതകൾക്കും തിന്മകൾക്കും അതീതനാണ് ഖുദ്ദൂസ്. വിശുദ്ധഖുർആനിൽ ചിന്തിക്കാത്ത കാരണത്താൽ, അല്ലെങ്കിൽ ദൈവനാമങ്ങളുടെ തത്ത്വം മനസ്സിലാക്കാത്തത് കാരണം എന്നു പറയാം, ചിലപ്പോൾ അല്ലാഹുവിന്റെ എന്തെങ്കിലും കർമ്മ ഗുണത്തിന്റെ അർത്ഥം എടുക്കുന്നത് അവന്റെ മറ്റു ഗുണത്തിന് വിരുദ്ധമായിരിക്കും. (ഇങ്ങനെ തെറ്റ് സംഭവിക്കുന്നത് വിശുദ്ധഖുർആനിൽ ചിന്തിക്കാത്തതുകൊണ്ടോ, ദൈവനാമത്തിന്റെ തത്ത്വം മനസ്സിലാക്കാത്തതുകൊണ്ടോ ആണ്) അതുകൊണ്ട് ഞാൻ നിങ്ങൾക്കൊരു കാര്യം പറഞ്ഞുതരാം. വിശുദ്ധഖുർആന് അർത്ഥം പറയുമ്പോൾ, ദൈവികഗുണങ്ങളെ പരിഗണിച്ചുകൊണ്ട് പറയുക. അവന്റെ 'ഖുദ്ദൂസിയ്യത്ത്' എന്ന ഗുണത്തിന് ക്ഷതം പറ്റുന്നുണ്ടോ എന്ന് നോക്കുക. ഒരു പദത്തിന് നിഘണ്ടുവിൽ നിരവധി അർത്ഥമുണ്ടാകും. അശുദ്ധഹൃദയന്, ദൈവിക വചനത്തെ മോശമായ അർത്ഥത്തിൽ സമർപ്പിക്കാൻ കഴിയും. അവൻ ദൈവികഗ്രന്ഥത്തിന്നെതിരെ ആക്ഷേപം ഉന്നയിക്കും. അതുകൊണ്ട് നിങ്ങൾ അർത്ഥം പറയുമ്പോൾ അല്ലാഹുവിന്റെ 'ഖുദ്ദൂസിയ്യത്ത്' എന്ന സവിശേഷഗുണത്തിന് ക്ഷതം ഏല്ക്കുന്നുണ്ടോ എന്ന് നോക്കി അർത്ഥം പറയുക. ദൈവികവചനം സത്യവും യുക്തിയുംകൊണ്ട് നിറഞ്ഞതാണ്. അതുമുഖേന അല്ലാഹുവിന്റേയും റസൂലിന്റേയും പൊതുവിശ്വാസികളുടേയും അന്തസ്സും മഹത്വവും അവന്റെ പരിരക്ഷണവും അവന്റെ അനശ്വരതയും മറ്റുള്ളതിനെയെല്ലാം നിലനിറുത്താനുള്ള കഴിവും കാരണത്താലാണ് എല്ലാ വസ്തുക്കളും ജീവിക്കുന്നതും നിലനില്ക്കുന്നതും. അവന്റെ സംരക്ഷണത്താലാണ് എല്ലാം സുരക്ഷിതമായിരിക്കുന്നതും. അല്ലാഹു രാജാവാണ്. ശിക്ഷിക്കുകയാണെങ്കിൽ രാജാവിന് യോജിച്ചവിധമായിരിക്കും. പിടിക്കുകയാണെങ്കിൽ പിടിക്കപ്പെട്ടയാളുടെ സ്വഭാവസംസ്കരണം നടക്കുന്നതിന് യജമാനഭാവത്തോടെയായിരിക്കും; ബലാൽക്കാരത്തോടെയല്ല. അവൻ ഖുദ്ദൂസാണ്. അവന്റെ ഗുണങ്ങളിലും മഹത്വത്തിലും നഷ്ടത്തിന് കാരണമാകുന്ന ഒന്നും ഉണ്ടായിരിക്കുകയില്ല. എന്നല്ല, അവൻ തികഞ്ഞ സവിശേഷതകളോടുകൂടിയവനാണ്. എല്ലാതരം ന്യൂനതകൾക്കും തിന്മകൾക്കും അതീതനാണ് ഖുദ്ദൂസ്. വിശുദ്ധഖുർആനിൽ ചിന്തിക്കാത്ത കാരണത്താൽ, അല്ലെങ്കിൽ ദൈവനാമങ്ങളുടെ തത്ത്വം മനസ്സിലാക്കാത്ത കാരണം എന്നു പറയാം, ചിലപ്പോൾ അല്ലാഹുവിന്റെ ഏതെങ്കിലും കർമ്മ ഗുണത്തിന്റെ അർത്ഥം എടുക്കുന്നത് അവന്റെ മറ്റു ഗുണത്തിന് വിരുദ്ധമായിരിക്കും. (ഇങ്ങനെ തെറ്റ് സംഭവിക്കുന്നത് വിശുദ്ധഖുർആനിൽ ചിന്തിക്കാത്തതുകൊണ്ടോ ദൈവനാമത്തിന്റെ തത്ത്വം മനസ്സിലാക്കാത്തതുകൊണ്ടോ ആണ്) അതുകൊണ്ട് ഞാൻ നിങ്ങൾക്കൊരു കാര്യം പറഞ്ഞുതരാം. വിശുദ്ധഖുർആന് അർത്ഥം പറയുമ്പോൾ, ദൈവികഗുണങ്ങളെ പരിഗണിച്ചുകൊണ്ട് പറയുക. അവന്റെ 'ഖുദ്ദൂസിയ്യത്ത്' എന്ന ഗുണത്തിന് ക്ഷതം പറ്റുന്നുണ്ടോ എന്ന് നോക്കുക. ഒരു പദത്തിന് നിഘണ്ടുവിൽ നിരവധി അർത്ഥമുണ്ടാകാം. അശുദ്ധഹൃദയന്, ദൈവിക വചനത്തെ മോശമായ അർത്ഥത്തിൽ സമർപ്പിക്കാൻ കഴിയും. അവൻ ദൈവികഗ്രന്ഥത്തിന്നെതിരെ ആക്ഷേപം ഉന്നയിക്കും. അതുകൊണ്ട് നിങ്ങൾ അർത്ഥം പറയുമ്പോൾ അല്ലാഹുവിന്റെ ഖുദ്ദൂസിയ്യത്ത് എന്ന സവിശേഷഗുണത്തിന് ക്ഷതം ഏല്ക്കുന്നുണ്ടോ എന്ന് നോക്കി അർത്ഥം പറയുക. ദൈവികവചനം സത്യവും യുക്തിയുംകൊണ്ട് നിറഞ്ഞതാണ്. അതുമുഖേന അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും പൊതുവിശ്വാസിയുടേയും അന്തസ്സും മഹത്വവും പ്രകടമാകുന്നു."

ഇവിടെ ഞാൻ ഹദ്റത്ത് ഖലീഫത്തുൽ അവ്വൽ (റ)ന്റെ ഉപദേശവും പറയുകയാണ്. അത് വളരെ പ്രധാനപ്പെട്ടതും പ്രിയപ്പെട്ടതുമായ ഉപദേശമാണ്. ഇത്

വിദ്യാസമ്പന്നരും അല്ലാത്തവരുമായ ഓരോ അഹ്മദിയും സമ്പന്നരും ദരിദ്രരും സ്ത്രീകളും പുരുഷന്മാരും സ്വായത്തമാക്കണം. ഇത് ആത്മാവിന്റെ സംസ്കരണത്തിന് വളരെ അനിവാര്യമാണ്. ആരാധനയിലേക്കും സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നതിലേക്കും ഇതുകൊണ്ട് ശ്രദ്ധയുണ്ടാകും.

അവിടന്ന് പറയുന്നു: "നിരക്ഷരരായ ആളുകൾ കുറഞ്ഞപക്ഷം തങ്ങളുടെ പെരുമാറ്റത്തിലൂടെ അല്ലാഹുവിനെ വിശുദ്ധനാക്കി കാണിക്കുക. അതായത്, തങ്ങളുടെ ജീവിതചര്യയിലൂടെ, പരമപരിശുദ്ധനായ ദൈവത്തിന്റെ ദാസർ, പരിശുദ്ധ ഗ്രന്ഥത്തെ വിശ്വസിക്കുന്നവർ, പരിശുദ്ധറസൂലിന്റെ അനുയായികൾ, ആ മഹാത്മാവിന്റെ പ്രതിനിധികൾ പ്രത്യേകിച്ച് ഈ മഹാനായ മുജദ്ദിദിന്റെ അനുയായികൾ ഇങ്ങനെയായിരിക്കുമെന്ന് കാണിച്ചുകൊടുക്കുക. (ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അനുയായികൾ ഇങ്ങനെയായിരിക്കുമെന്ന് കാണിച്ചുകൊടുക്കുക. അതായത്, നിങ്ങളിൽ മാറ്റമുണ്ടാക്കുക) അതുകൊണ്ട് അല്ലാഹുവിനെ എല്ലാ ന്യൂനതകൾക്കും എല്ലാ മോശമായ കാര്യങ്ങൾക്കും അതീതനായി മനസ്സിലാക്കുക എന്നത് ശരിയായിത്തീരുന്നത്, നമ്മൾ നമ്മുടെ വാക്കിലൂടെയും പ്രവൃത്തിയിലൂടെയും അത് പ്രകടിപ്പിക്കുമ്പോഴാണ്."

ഇതിലേക്ക് വളരെ വലിയ വിശാലമായ അറിവിന്റെയൊന്നും ആവശ്യമില്ലെന്ന് അവിടന്ന് പറയുന്നു. ഏറ്റവും നിരക്ഷരനായ ഒരഹ്മദിക്കുപോലും അറിയാം, അല്ലാഹുവിന്റെ കല്പനകൾ എന്തൊക്കെയാണെന്ന്. ഖുത്ബകളിലൂടെ അവരത് കേൾക്കുന്നു. ദർസുകളിലും, ജൽസകളിലും അവർ ശ്രവിക്കുന്നു. എന്തു ചെയ്യണമെന്നും എന്ത് ചെയ്യരുതെന്നും അവർക്കറിയാം.

നബി(സ) തിരുമേനി എന്തു മാതൃകയാണ് നമുക്ക് കാണിച്ചുതന്നത്. അല്ലാഹുവിന്റെ 'ഖുദ്ദൂസിയ്യത്ത്' എന്ന മഹനീയഗുണത്തിലുള്ള വിശ്വാസത്തിന്റെ പ്രകടനം, ഒരഹ്മദിയിൽനിന്ന് പ്രകടമാകുന്നത്, അവൻ തന്റെ ഉള്ളിൽ പരിശുദ്ധമായ മാറ്റം ഉണ്ടാക്കുമ്പോഴാണ്. എങ്കിലേ ഇക്കാലത്തെ ഇമാമിനെ വിശ്വസിച്ചതുകൊണ്ട് ഫലമുള്ളൂ.

വീണ്ടും അവിടന്ന് പറയുന്നു: "ഓർമ്മിക്കുക അല്ലാഹു ഖുദ്ദൂസാണ്. പരിശുദ്ധരായവർക്കല്ലാതെ അവന്റെ സാമീപ്യം പ്രാപിക്കാൻ സാധ്യമല്ല. അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നതിന് പരിശുദ്ധിയാർജ്ജിക്കേണ്ടത് നിർബന്ധമാണ്. അതിന് അല്ലാഹുവിന്റെ മുമ്പിൽ കുമ്പിട്ടുകൊണ്ട് ദുആ ചെയ്യേണ്ട ആവശ്യമുണ്ട്. പക്ഷേ അതിനുമുമ്പേ പരിശുദ്ധിയാർജ്ജിക്കാനുള്ള ശ്രമം ഉണ്ടാവണം.

ഈ മഹനീയഗുണത്തെക്കുറിച്ച് പ്രതിപാദിച്ചുകൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(അ) പറയുന്നു: മനുഷ്യന്റെ നന്മ 'കസ്ബി'യാകുന്നു. അതായത് സൽകർമ്മം ചെയ്യുമ്പോൾ അതിന് സൽഫലം കിട്ടുന്നു. അല്ലെങ്കിൽ സൽഫലമുളവാകുന്ന കാര്യം അതിനുള്ളിലുണ്ടാകുന്നു. അല്ലാഹുവിന്റെ നന്മ വ്യക്തിപരമായിരിക്കും. അതുകൊണ്ടാണ് അല്ലാഹു ഖുദ്ദൂസ് എന്ന് പറയപ്പെടുന്നത്. പക്ഷേ, മനുഷ്യൻ ഖുദ്ദൂസ് എന്ന് പറയപ്പെടുകയില്ല. കാരണം അല്ലാഹു തന്റെ വ്യക്തിത്വത്തിൽ അന്യൂനനാണ്. മനുഷ്യൻ അന്യൂനനാകുന്നത് പരിശ്രമത്താലാണ്. പരിശ്രമത്തിലൂടെ മാത്രമെ ഈ മഹനീയഗുണത്തെ സ്വായത്തമാക്കാൻ അവന് സാധിക്കുകയുള്ളൂ. ന്യൂനതയുള്ള ഒരവസ്ഥ ഉണ്ടാകുകയോ പിന്നീടത് അകറ്റി പൂർണ്ണനാകാൻ ശ്രമിക്കുകയോ ചെയ്യേണ്ട ഒരവസ്ഥ അല്ലാഹുവിന് ഒരിക്കലും ഉണ്ടായിട്ടില്ല. പക്ഷേ, മനുഷ്യൻ ആദ്യം ന്യൂനനായിരിക്കും. പിന്നീട് പതുക്കെപ്പതുക്കെ തന്റെ പൂർണ്ണതയിലേക്കെത്തുന്നു. ആദ്യം അവൻ കുട്ടിയായിരിക്കും. പിന്നീട് അവന് ബുദ്ധിയുണ്ടാകുന്നു. അപ്പോൾ അവൻ നമസ്കാരം തുടങ്ങുന്നു. അതിനുശേഷം ഒരു ദിവസത്തെ നമസ്കാരം കുറച്ച് അവനെ മുമ്പോട്ടുകൊണ്ടുപോകുന്നു. രണ്ട് ദിവസത്തെ നമസ്കാരം കുറച്ചുകൂടെ മുന്നോട്ടു കൊണ്ടുപോകുന്നു. മൂന്ന് ദിവസത്തെ നമസ്കാരം പിന്നേയും കുറേ മുന്നോട്ടു കൊണ്ടുപോകുന്നു. ഇങ്ങനെ അത് വർദ്ധിച്ചുകൊണ്ടേപോകുന്നു. പക്ഷേ, അല്ലാഹു ഇന്നേയ്ക്ക് ശതകോടി വർഷം മുമ്പേയുണ്ടായിരുന്നതുപോലെ തന്നെയാണ് ഇന്നുള്ളത്. അവന്റെ ഖുദ്ദൂസിയ്യത്ത് ആദ്യമേ കുറഞ്ഞിട്ടില്ല. ഇന്ന് കൂടിയിട്ടുമില്ല. എപ്പോഴും അവന്റെ ഖുദ്ദൂസിയ്യത്ത് ഒരുപോലെ നിലനില്ക്കുന്നു. അത് എന്നെന്നും നിലനില്ക്കുകയും ചെയ്യും. അല്ലാഹുവിന്റെ ഖുദ്ദൂസിയ്യത്ത് എന്ന മഹനീയഗുണത്തിൽ ഒരു സത്യവിശ്വാസി ഭാഗഭാക്കാകുന്നത്, ആ ഖുദ്ദൂസായ അല്ലാഹു നല്കിയ അധ്യാപനങ്ങളനുസരിച്ച് അവൻ തന്റെ ആരാധനകളിലും നന്മകളിലും അഭിവൃദ്ധിപ്പെടുമ്പോഴാണ്.

***നഹ്നു നുസബ്ബിഹു ബിഹംദിക്ക വ നുഖദ്ദിസുലക്ക*** ഞങ്ങൾ നിന്നെ സ്തുതിക്കുന്നതോടൊപ്പം നിന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. പിന്നെന്തിനാണ് ആദമിനെ സൃഷ്ടിച്ചത്? ഇതിനെക്കുറിച്ച് വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: "മലക്കുകൾ ഇങ്ങനെ പറഞ്ഞപ്പോൾ അല്ലാഹു പറഞ്ഞു: എനിക്കറിയാം. നിങ്ങൾ അറിയുന്നില്ല. അതായത്, കുഴപ്പങ്ങളുണ്ടാകും എന്ന് നിങ്ങൾ പറയുന്നത് ശരിതന്നെയാണ്. കുഴപ്പങ്ങൾ ഉണ്ടാകും.

എനിക്കും അതറിയാം. പക്ഷേ, നിങ്ങൾക്ക് ഒരു കാര്യത്തെക്കുറിച്ച് അറിയില്ല. ഇനിയങ്ങോട്ട് മനുഷ്യന്റെ കർമ്മങ്ങൾ ശരീഅത്തിന് വിധേയമായിരിക്കും. ശരീഅത്തനുസരിച്ച് പ്രവർത്തിക്കുന്നവർ, ഖുദ്ദൂസിയ്യത്ത് എന്ന മഹനീയഗുണത്തിൽ ഭാഗഭാക്കാകുന്നതിനായി സൽകർമ്മങ്ങളിൽ വളരുന്നവർ, മലക്കുകളേക്കാൾ ഉയരുന്നതാണ്. ഇത് മലക്കുകൾക്ക് അറിയുമായിരുന്നില്ല. ഇത് കൂടുതൽ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു: "ഇവിടെ ഒരു കാര്യം ഓർമ്മവയ്ക്കേണ്ടതാണ്. ആദമിനെ ഖലീഫയാക്കുന്ന അവസരത്തിൽ, എന്തൊന്ന് അല്ലാഹു പറഞ്ഞുവോ അതും ശരിതന്നെയായിരുന്നു. മലക്കുകൾ പറഞ്ഞതും ശരിതന്നെയായിരുന്നു. വീക്ഷണത്തിലുള്ള വ്യത്യാസം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അല്ലാഹുവിന്റെ ദൃഷ്ടി ആദമിന്റെ സന്താനങ്ങളിൽ ഉണ്ടാകാൻ പോകുന്ന സാത്വികതയുടെ മേലാകുന്നു. ആദമും അനുയായികളും മുഖേന ലോകത്ത് സ്ഥാപിതമാകാൻ പോകുന്ന വ്യവസ്ഥിതിയുടെ മേലായിരുന്നു. എന്നാൽ, മലക്കുകളുടെ ദൃഷ്ടി മനുഷ്യബുദ്ധി പരിപൂർണ്ണത പ്രാപിച്ചതിന്റെ ഫലമായി, അല്ലാഹുവിന്റെ കോപത്തിന് വിധേയരാകാൻ പോകുന്ന ദുഷ്ടന്മാരുടെ മേലായിരുന്നു. അല്ലാഹു ആദമിന്റെ സൃഷ്ടിപ്പിൽ മുഹമ്മദ്(സ)യുടെ പ്രഭ കാണുകയായിരുന്നു. മലക്കുകൾ, അബൂജഹ്‌ലീ ഗുണങ്ങളുടെ പ്രകടനം കണ്ടുകൊണ്ട് വിറയ്ക്കുകയായിരുന്നു. വിഷമിക്കുകയായിരുന്നു. ഖിലാഫത്തിന്റെ സംസ്ഥാപനത്തെ സംബന്ധിച്ച് മലക്കുകൾ മനസ്സിലാക്കിയിരുന്നത് ശരി തന്നെയായിരുന്നു. എന്നാൽ, അത്തരം വ്യവസ്ഥിതി ജനങ്ങൾക്ക് ശാപമാകുമോ എന്നുള്ള അവരുടെ ഭയം തെറ്റായിരുന്നു. കാരണം, ഏതൊരു വ്യവസ്ഥിതിയേയും വിലയിരുത്തുന്നത് അതിന്റെ ഉത്കൃഷ്ടത നോക്കിയാണ്. അല്ലാതെ അതിൽ ബലഹീനത കാണിക്കുന്നവരെ നോക്കിയല്ല."

ഏതെങ്കിലും നല്ലകാര്യത്തെ, ഇടയ്ക്കുവരുന്ന അപകടം കണക്കിലെടുത്ത് ഉപേക്ഷിക്കുകയാണെങ്കിൽ ഒരു പുരോഗതിയും ഉണ്ടാകുകയില്ല. വലുതായ ഓരോ കാര്യത്തിനൊപ്പം അപകടങ്ങളും ഉണ്ടായിരിക്കും. തുടർന്ന് അതിന് ഉദാഹരണം നല്കിക്കൊണ്ട് പറയുന്നു: വിദ്യാർത്ഥി, അറിവ് സമ്പാദിക്കാൻ ജീവൻ പാഴാക്കിക്കളയുന്നു. എന്നാൽ, വിദ്യാഭ്യാസം ഉപേക്ഷിക്കുകയില്ല. ഇപ്രകാരം തന്നെയാണ് രാജ്യത്തിലെ സൈന്യങ്ങൾ. അവരുടെ ജീവൻ നഷ്ടപ്പെട്ടുപോകുന്നതുകൊണ്ട് ആരും സൈന്യത്തിൽ ചേരാതിരിക്കില്ല. രാജ്യത്തിന്റെ സംരക്ഷണം അവസാനിക്കുകയുമില്ല.

ഖിലാഫത്തിന്റെ സംസ്ഥാപനത്തോടെ മനുഷ്യരിൽ ഒരുഭാഗം ശിക്ഷയ്ക്കു വിധേയരാകാനും കുഴപ്പക്കാരും ആജ്ഞാലംഘകരുമാകാനും പോകുകയായിരുന്നെങ്കിലും മറ്റൊരു വിഭാഗം അല്ലാഹുവിന്റെ സ്നേഹിതരാകാൻ പോകുന്നവരായിരുന്നു. മലക്കുകളേയും കവച്ചുവയ്ക്കാൻ പോകുന്നവരായിരുന്നു. ആ വിജയം വരിക്കാൻ പോകുന്ന ജനവിഭാഗം മാനുഷികമായ വ്യവസ്ഥിതിയ്ക്ക് കാരണമായിരുന്നു. ഈ ജനവിഭാഗത്തെ കണ്ടുകൊണ്ട് മാനുഷിക വ്യവസ്ഥിതി പരാജയപ്പെട്ടുവെന്ന് ആർക്കും പറയാൻ പറ്റുകയില്ല. എന്നല്ല, സത്യമെന്താണെന്നുവെച്ചാൽ, ഈ ഉന്നതമായ വിഭാഗത്തിലെ ഒരു വ്യക്തി, ഈ എല്ലാ വ്യവസ്ഥിതിയും തയ്യാറാക്കുന്നതിന് കാരണക്കാരനായിരുന്നു. ഈ യുക്തിയെ മുന്നിൽ കണ്ടുകൊണ്ട് അല്ലാഹു തന്റെ ചില പരിപൂർണരായ ദാസരോട് പറഞ്ഞു, ***ലൗലാക്ക ലമാ ഖലഖ്തുദ്ദുൻയാ*** നീ ഇല്ലായിരുന്നെങ്കിൽ നാം ഈ ലോകവ്യവസ്ഥിതി തന്നെ ഉണ്ടാക്കുമായിരുന്നില്ല. ഇത് ഖുദ്സിയായ ഹദീസാണ്. മറ്റു ചില പരിപൂർണ്ണരായ മനുഷ്യർക്കും ഈ രീതിയിലുള്ള വെളിപാടുണ്ടായിട്ടുണ്ട്.

ഈ പരിപൂർണരായ മനുഷ്യർ, അല്ലാഹുവിന്റെ തീരുമാനംതന്നെ യുക്തിഭദ്രമായിരുന്നു എന്നതിന് തെളിവാണ്. അല്ലാഹുവിന്റെ അത്തരം ആൾക്കാർ, അവർ മലക്കുകളേക്കാൾ കൂടുതൽ അല്ലാഹുവിന് സ്തോത്രം ചെയ്യുന്നവരും ലോകത്ത് അത് പരത്തുന്നവരുമാണ്. തീർച്ചയായും അവർ മലക്കുകളേക്കാൾ സ്ഥാനമുള്ളവരാണ്.

മനുഷ്യരിൽ അല്ലാഹുവിന്റെ പരിശുദ്ധിയെ വാഴ്ത്തുന്നവരിൽ ഏറ്റവും ഉന്നതൻ നബി(സ) തിരുമേനിയാണ്. ആ മഹാത്മാവ് ഒരു ലോകത്തിന്റെ ബുദ്ധിയെ പരിശുദ്ധമാക്കി. അവരുടെ കർമ്മങ്ങളും പരിശുദ്ധമാക്കി. ഇന്നേവരെ നാം ആ 'ഖുദ്ദൂസാ'യ അല്ലാഹുവിന്റെ യഥാർത്ഥ പ്രതിച്ഛായയുടെ അനുഗ്രഹം കണ്ടുവരുന്നു. ലോകം നിലനില്ക്കുവോളം ലോകം അത് കണ്ടുകൊണ്ടിരിക്കും.

സൂറഃ ജുമുഅയിലെ ഖുദ്ദൂസ് എന്ന വാക്കിന് നല്കിയ വിശദീകരണത്തിൽ, മുസ്‌ലിഹ് മൗഊദ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) പറയുന്നു:

രണ്ടാമത്തെ മഹനീയഗുണം വിവരിച്ചിട്ടുള്ളത് അവൻ 'ഖുദ്ദൂസാ'കുന്നു എന്നുള്ളതാണ്. ഇതിനെ സംബന്ധിച്ച് പറഞ്ഞു. ***യത്‌ലൂ അലയ്ഹിം ആയാത്തിഹീ വ യുസക്കീഹിം*** അവനുമായി ബന്ധം വയ്ക്കുന്ന ഓരോ വസ്തുവും പരിശുദ്ധമായിരിക്കുന്നുവെന്നാണ്. അതിനുവേണ്ടി അവൻ തന്റെ റസൂലിനെ വചനവും കൊണ്ടയച്ചു; ആ വചനങ്ങൾ

അദ്ദേഹം ജനങ്ങളെ കേൾപ്പിക്കുന്നതിനും, അവരിൽ മാനസികമായും ആത്മീയമായും പരിശുദ്ധിയുണ്ടാക്കുന്നതിനും വേണ്ടി. ആദ്യം അല്ലാഹുവിന്റെ വചനങ്ങൾ പഠിപ്പിച്ച്, മാനുഷികമായ ബുദ്ധിയെ പരിശുദ്ധമാക്കുക. പിന്നീട് '***യുസക്കീഹിം***' അവരുടെ കർമ്മങ്ങളെ പരിശുദ്ധമാക്കുക. അവിടന്ന് തുടർന്ന് പറയുന്നു: അൽഖുദ്ദൂസിന് തുല്യമായി, റസൂലിന്റെ പ്രവൃത്തി പറഞ്ഞിട്ടുള്ളത് അദ്ദേഹം ലോകരെ പരിശുദ്ധരാക്കുന്നുവെന്നാണ്. ആലിമിന്റെ ലക്ഷണമെന്താണ്? അദ്ദേഹം ജനങ്ങളെ പഠിപ്പിക്കുന്നു എന്നുതന്നെ. മറ്റുള്ളവർ അയാൾ മുഖേന ആലിമായി മാറുന്നു. അല്ലാഹുവിന്റെ ഖുദ്ദൂസിയ്യത്തിന് തെളിവ്, അവനിൽനിന്ന് വരുന്നവൻ ലോകരെ പരിശുദ്ധരാക്കുന്നു എന്നതാണ്. വൃത്തികെട്ടയാളുകൾ അല്ലാഹുവിന്റെ ദൂതരായ നബി(സ)ന്റെ കൈകളിൽ പരിശുദ്ധരായിത്തീരുന്നു.

ഇതാണ് 'ഖുദ്ദൂസാ'യ അല്ലാഹുവിന്റെ പരിപൂർണ്ണനായ നബി. സാധാരണ മനുഷ്യർപോലും അദ്ദേഹത്തിന്റെ കൈയിൽ പരിശുദ്ധരായിത്തീരുന്നു. അതുകൊണ്ട് ഓരോരുത്തരും ആ മഹാത്മാവിന്റെ കൈയിൽ വരാൻ ശ്രദ്ധിക്കേണ്ടതാണ്; പരിശുദ്ധരാകണമെങ്കിൽ, സത്യവിശ്വാസിയാകണമെങ്കിൽ.

ഞാൻ പറഞ്ഞതുപോലെ ഇതിനായി വിശുദ്ധ ഖുർആനിലെ വിധിവിലക്കുകൾ പാലിക്കേണ്ടതായി വരും. നമ്മൾ പ്രവൃത്തിക്കുന്നില്ലെങ്കിൽ അല്ലാഹുവിൽനിന്ന് വരുന്നവരാണെന്ന് പറയപ്പെടുകയില്ല. മുഹമ്മദ് മുസ്തഫാ(സ)യിൽനിന്ന് വരുന്നവരാണെന്ന് പറയപ്പെടുകയില്ല. ഇതിന്റെ ഫലമായി ഖുദ്ദൂസിയ്യത്ത് എന്ന മഹനീയഗുണത്തിൽനിന്ന് അനുഗ്രഹം പറ്റുന്നവരുമാകുകയില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അക്കാലത്തെ അറേബ്യൻ ജനതയുടെ അവസ്ഥ നോക്കുക. അവർ തിന്മകളാൽ വലയം ചെയ്യപ്പെട്ടിരുന്നു. അവർ തിരിച്ചറിയപ്പെട്ടിരുന്നത് എല്ലാതരം വഴികേടുകൊണ്ടും നെറികേടുകൊണ്ടുമായിരുന്നു. ഈ ജനത പരിശുദ്ധരാകുമെന്നോ ഇവർ ചിന്തിക്കുമെന്നോ ആർക്കും ആലോചിക്കാൻപോലും കഴിയുമായിരുന്നില്ല. സാധാരണ നിലയിലുള്ള നല്ല സ്വഭാവം സ്വായത്തമാക്കുന്നവരായിത്തീരുമെന്ന് ഊഹിക്കാൻ സാധിക്കുമായിരുന്നില്ല. പിന്നെയല്ലേ അവർ ദൈവസ്നേഹ പ്രാപ്തരായിത്തീരുന്നത്. എന്നാൽ, അല്ലാഹുവിന്റെ വാഗ്ദാനംപോലെ- ആരാണോ എന്റെ ഈ പ്രിയപ്പെട്ടവരുമായി ബന്ധം സ്ഥാപിക്കുന്നത് അവർ പരിശുദ്ധരാകും, എന്നല്ല, റൂഹുൽഖുദുസിൽ ഭാഗഭാക്കാകും എന്ന വാഗ്ദാനംപോലെ ലോകം അത് കണ്ടു. അവരിൽ വമ്പിച്ചമാറ്റമുണ്ടായി.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ആരാണോ ഇക്കാര്യം അതായത്, അവരെന്തിനാണ് അവരുടെ ആദ്യത്തെ മേച്ചിൽസ്ഥലം ഉപേക്ഷിച്ചതെന്ന് സൂക്ഷ്മമായി ചിന്തിക്കുന്നത്- തങ്ങൾ നല്ലതെന്ന് കരുതിയിരുന്ന ആ ചീത്തവഴികൾ എന്തിനാണ് ഉപേക്ഷിച്ചതെന്ന് സൂക്ഷ്മമായി ചിന്തിക്കുന്നത്, എന്തിനാണ് അവർ തങ്ങളുടെ ഇന്ദ്രിയാശകളുടെ ഘോരവനം വിട്ട് തങ്ങളുടെ ദൈവത്തിന്റെയടുക്കൽ എത്തിയതെന്ന് സൂക്ഷ്മമായി ചിന്തിക്കുന്നത്, അവന് തീർച്ചയായും ദൃഢമായും അറിയാൻ കഴിയും, അതെല്ലാം മഹനീയ ശക്തിപ്രഭാവത്തിന്റെ ഫലമായിട്ടായിരുന്നുവെന്ന്. അല്ലാഹു പരിശുദ്ധനാക്കിയ ആ റസൂൽ, അനശ്വരമായ അനുഗ്രഹങ്ങളോടുകൂടി കടാക്ഷിച്ച ആ റസൂൽ, മണ്ണിനടിയിൽനിന്ന് സഹാബത്തിനെ പൊക്കിയെടുത്ത് ആകാശത്തിന്റെ ഉന്നതിവരെ എത്തിച്ചു. അവർ ഘട്ടം ഘട്ടമായി പരിശുദ്ധിയുടെ പരിപൂർണ്ണത പ്രാപിച്ചു. നബി(സ) തിരുമേനി അവരെ മൃഗങ്ങളെപ്പോലെ കണ്ടു. അവർ തൗഹീദും മതനിയമങ്ങളും ഒന്നും അറിയുന്നവരായിരുന്നില്ല. റസൂലുല്ലാഹി(സ) അവരെ മനുഷ്യത്വത്തിന്റെ മര്യാദ പഠിപ്പിച്ചു. സംസ്കാരത്തിന്റേയും നാഗരികതയുടേയും പാഠങ്ങൾ അവർക്ക് പറഞ്ഞുകൊടുത്തു."

വീണ്ടും അവിടന്ന് പറയുന്നു: "ഈശ്വരജ്ഞാനത്തിന്റെ മൂന്നാമത്തെ വാതിൽ, വിശുദ്ധഖുർആനിൽ അല്ലാഹു തന്റെ കൈകൊണ്ട് തുറന്നുവെച്ചിട്ടുള്ള ആത്മീയമായ അനുഗ്രഹങ്ങളാണ്. ഇതിനെ 'ഇഅ്ജാസെ തൻസീഹി' എന്നു പറയുന്നു. നബി(സ)യുടെ ജന്മസ്ഥലം അറേബ്യയാണ്. ഇവർക്ക് മറ്റ് രാജ്യങ്ങളുമായി ഒരിക്കലും ബന്ധമില്ലാത്ത കാരണത്താൽ,അവർ ഒരുമൂലക്ക് വീണുകിടക്കുന്നവരെപ്പോലെയായിരുന്നു. നബി(സ) വരുന്നതിനു മുമ്പേ ഈ നാട്ടിലുള്ളവർ തികച്ചും മൃഗീയമായ ജീവിതമാണ് നയിച്ചുപോന്നത്. ദീനും, ഈമാനും അല്ലാഹുവിനോടുള്ള കടമയും മനുഷ്യരോടുള്ള കടമയും ഒന്നും അവർക്കറിയില്ലായിരുന്നു. നൂറ്റാണ്ടുകളായി അവർ ബിംബങ്ങളെ ആരാധിച്ചുപോരുകയായിരുന്നു. സുഖഭോഗങ്ങളിലും മദ്യലഹരി പിടിച്ച അവസ്ഥയിലും മദ്യപാനത്തിലും ചൂതാട്ടത്തിലുമൊക്കെയായിരുന്നു അവരുടെ ജീവിതം. അതിൽ അവർ അങ്ങേയറ്റം എത്തിയിരുന്നു. മോഷണം, കൊള്ള, കൊല, പിടിച്ചുപറി, യതീംകളുടെ മുതൽ തിന്നുക, പെൺകുട്ടികളെ കൊലചെയ്യുക, അന്യരുടെ അവകാശങ്ങൾ പിടിച്ചെടുക്കുക തുടങ്ങിയവയൊന്നും പാപമായി അവർ കണ്ടിരുന്നില്ല. എല്ലാതരം തിന്മയും സർവവിധ അനാചാരങ്ങളും അക്രമങ്ങളും അശ്രദ്ധയും

പൊതുവായനിലയിൽ അറബികളുടെ ഹൃദയത്തിൽ സ്ഥാനം പിടിച്ചിരുന്നു എന്നത് പ്രസിദ്ധമാണ്. എതിരാളികൾക്കുപോലും ഇത് നിഷേധിക്കാൻ സാധ്യമല്ല. ആ അജ്ഞരും മൃഗീയരും അശുദ്ധരും ഇസ്‌ലാമിൽ പ്രവേശിക്കുകയും ഖുർആൻ സ്വീകരിക്കുകയും ചെയ്തതിനുശേഷം എങ്ങനെയുള്ളവരായി!

"വിശുദ്ധഖുർആന്റെ സ്വാധീനവും നിഷ്ക്കളങ്കനായ നബി(സ) തിരുമേനിയുടെ സത്സംഗവും വളരെ കുറച്ചുകാലംകൊണ്ട് അവരുടെ ഹൃദയങ്ങളെ മാറ്റിമറിച്ചു. അവർ അജ്ഞതയ്ക്കുശേഷം മതപരമായ ജ്ഞാനത്താൽ സമ്പന്നരായി. ഭൗതികതയോടുള്ള സ്നേഹം കൈവെടിഞ്ഞ് ദൈവികസ്നേഹത്തിൽ ലയിച്ചു. എത്രമാത്രമെന്നാൽ, തങ്ങളുടെ പിറന്നനാടിനേയും തങ്ങളുടെ ധനത്തേയും തങ്ങളുടെ ബന്ധുമിത്രാദികളേയും തങ്ങളുടെ മാന്യതകളേയുമെല്ലാം അല്ലാഹുവിന്റെ തൃപ്തിയ്ക്കായി ഉപേക്ഷിച്ചു. ഈ രണ്ട് പരമ്പരയും, അതായത്, അവരുടെ ആദ്യാവസ്ഥയും ഇസ്‌ലാമിലൂടെ ലഭിച്ച പുതുജീവിതത്തിനുശേഷമുള്ള അവസ്ഥയും വിശുദ്ധഖുർആനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സാത്വികനും സൽക്കർമ്മിയുമായ ഒരുവൻ അത് വായിക്കുമ്പോൾ അനിയന്ത്രിതമായി അയാളുടെ കണ്ണുകൾ നിറയുന്നതാണ്. ഒരു ലോകത്തുനിന്ന് മറ്റൊരു ലോകത്തേക്ക് ഇത്രയും പെട്ടെന്ന് അവരെ വലിച്ചുകൊണ്ടുപോയതെന്തായിരുന്നു. അത് ഈ രണ്ടുകാര്യം തന്നെയായിരുന്നു. ഒന്ന് നബി(സ) തിരുമേനി തന്റെ പരിശുദ്ധ ശക്തിയാൽ അങ്ങേയറ്റം സ്വാധീനശക്തി ചെലുത്തുന്ന ആളായിരുന്നു. അങ്ങനെയൊരിക്കലും മുമ്പേ ഉണ്ടായിട്ടില്ല. ഇനി ഉണ്ടാകുകയുമില്ല. രണ്ട്, സർവ്വശക്തനും എന്നെന്നും ജീവിച്ചിരിക്കുന്നവനും എല്ലാത്തിനേയും നിലനിറുത്തുന്നവനുമായ അല്ലാഹുവിന്റെ പരിശുദ്ധമായ ഗ്രന്ഥത്തിന്റെ ശക്തിമത്തും അത്ഭുതകരവുമായ സ്വാധീനശക്തിയായിരുന്നു. അത് ആയിരക്കണക്കിന് അന്ധകാരങ്ങളിൽനിന്ന് ഒരു വമ്പിച്ച ജനസമൂഹത്തെ പ്രകാശത്തിലേക്ക് കൊണ്ടുവന്നു. നിസ്സംശയം, ഖുർആന്റെ സ്വാധീനശക്തി ദിവ്യാത്ഭുതമാണ്. കാരണം ഇത്തരം സ്വാധീനശക്തി മറ്റേതെങ്കിലും ഗ്രന്ഥത്തിനുള്ളതായി ആർക്കും അവകാശപ്പെടാൻ സാധ്യമല്ല."

ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മെ ഉപദേശിച്ചുകൊണ്ട് ഒരിടത്ത് പറയുന്നു: "നബി(സ) തിരുമേനിയുടെ സ്വാധീനശക്തിയുടെ പരമ്പര അവസാനിച്ചുപോയിട്ടില്ല. അതിപ്പോഴും നടന്നുവരുന്നു. നബി(സ) തിരുമേനിയുടെ കാലത്തുണ്ടായിരുന്ന അതേ സ്വാധീനശക്തിയും അനുഗ്രഹങ്ങളും ഇന്നും ഖുർആനികാധ്യാപനങ്ങളിലുണ്ട്."

അതേ പരമപരിശുദ്ധനായ അല്ലാഹുതന്നെയാണ് ഇന്നുമുള്ളത്. അവനിലേക്ക് അടുക്കാൻ ശ്രമിക്കുന്നവർ അവനിൽനിന്ന് അനുഗ്രഹം പ്രാപിക്കുന്നു. അവന്റെ റസൂലിന്റെ സ്വാധീനശക്തിയും നിലവിലുണ്ട്. അവന്റെ ഗ്രന്ഥത്തിന്റെ സ്വാധീനശക്തിയും നിലവിലുണ്ട്. ഇക്കലാഘട്ടത്തിൽ അവൻ തന്റെ മസീഹ് മഹ്ദിയുടെ പരിശുദ്ധ ശക്തിപ്രഭാവത്തിന്റെ കാഴ്ചകളും നമുക്ക് കാണിച്ചുതന്നു. കാണിച്ചുകൊണ്ടിരിക്കുന്നു. ഇതെല്ലാം ആ ഖുദ്ദൂസ് എന്ന മഹനീയഗുണത്തിൽനിന്ന് അനുഗ്രഹം നേടുന്നതായി തീരേണ്ടതാണ്. അല്ലാഹു നമുക്ക് അതിന് തൗഫീഖ് നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 20.4.2007 at Baithulfutuh, London

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala